**സർക്കുലർ**

107/1/NSS/DHSE/2017 17/08/2017

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം ലീഡർഷിപ്പ് ക്യാമ്പിൽ പങ്കെടുക്കുന്ന വോളണ്ടിയർലീഡർമാർക്ക് ആവശ്യമായ റൈറ്റിംഗ് പാഡ് ക്യാമ്പിൽ നൽകുന്നതാണ്. എൻഎസ്എസ് ക്യാമ്പുകളിൽ ഗ്രീൻ പ്രോട്ടോകോൾ പാലിക്കേണ്ടതിനാൽ എല്ലാ വോളണ്ടിയർ ലീഡർമാരും ഓരോ മഷിപ്പേന കരുതേണ്ടതാണ്. ആവശ്യമായ മഷി ക്യാമ്പിൽ ലഭ്യമാക്കുന്നതാണ്. ജില്ലാ പ്രോഗ്രാം കൺവീനർ/പിഎസി അംഗങ്ങൾ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ യൂണിറ്റുകൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

പെൺകുട്ടികളും ആൺകുട്ടികളും ഉള്ള സ്കൂളിൽ നിന്നും ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും വോളണ്ടിയർ ലീഡർമാരായി പങ്കെടുക്കേണ്ടതാണ്. ടി സ്കൂളിൽ നിന്നും ആൺകുട്ടികൾ മാത്രമാണ് പങ്കെടുക്കാൻ എത്തുന്നതെങ്കിൽ അവരെ ക്യാമ്പിൽ പങ്കെടുപ്പിക്കുന്നതല്ല. വോളണ്ടിയർ ലീഡർമാരായി എത്തുന്നവർ ആയിരിക്കണം സ്കൂളിലെയും വോളണ്ടിയർ ലീഡർ ആകേണ്ടത്. പകരക്കാരെ ക്യാമ്പിൽ പങ്കെടുപ്പിക്കുന്നതല്ല. മൊബൈൽ ഫോൺ കൊണ്ടുവരാൻ പാടുള്ളതല്ല. ഓരോ വോളണ്ടിയറും ഓരോ സ്കൂളിനെ പ്രതിനിധീകരിച്ചാണ് ക്യാമ്പിൽ പങ്കെടുക്കുന്നത്. അതിനാൽ ക്യാമ്പിലെ അവരുടെ പ്രവർത്തനം സ്കൂളിന് അഭിമാനമാകുന്ന രീതിയിൽ ആയിരിക്കണം. വോളണ്ടിയർലീഡർമാർ ക്യാമ്പിൽ ഫോട്ടോ പതിപ്പിച്ച സ്കൂൾ ഐഡി നിർബന്ധമായും ധരിച്ചിരിക്കണം. ക്യാമ്പ് നിബന്ധനകൾ പാലിക്കാത്ത വോളണ്ടിയർലീഡർമാരുടെ വിവരം പ്രിൻസിപ്പലിനെ അറിയിക്കുന്നതും അവരെ വോളണ്ടിയർ സ്ഥാനത്തുനിന്നും ഒഴിവാക്കുന്നതുമാണ്.

ഒപ്പ്
ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ